## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2454 13.02.2013 ലെ മറുപടിയ്ക്ക്

## കെ. എസ്. എഫ്. ഇ. യെ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ. റ്റി. യു. കുരുവിള | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യെ കൂടുതൽ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | 2011-12 സാമ്പത്തിക വർഷം സ്വർണ്ണ വർഷ, സുവർണ്ണ ശ്രേയസ്സ് എന്നീ രണ്ട് ചിട്ടി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2012-13 വർഷം ഭാഗ്യവർഷ ചിട്ടി പദ്ധതികൾ നടപ്പാക്കി. ഭാഗ്യശ്രേയസ്സ് ചിട്ടി പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വായ്പാ പദ്ധതികളിൽ പരമാവധി നൽകാവുന്ന പരിധി വർദ്ധിപ്പിച്ചു. പരിസ്ഥിതി സൗഹൃദ ഊർജ്ജ ക്ഷമത കൂടിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പാപദ്ധതി, ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി മിതവ്യയത്തിലൂടെയും ലഘു സമ്പാദ്യത്തിലൂടെയും തുക സംഭരിക്കാവുന്ന വിദ്യാഭ്യാസ സമ്പാദ്യ പദ്ധതി, നൈപുണ്യവികസന വായ്പാ പദ്ധതി മുതലായവ നടപ്പിലാക്കുവാൻ തീരുമാനിച്ചു. കൂടാതെ ആൾ ജാമ്യ പരിധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും, വസ്തു ജാമ്യ പരിധി ഒരു കോടിയിൽ നിന്നും 1.5 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും അടുത്ത 3 വർഷങ്ങൾക്കുള്ളിൽ കെ.എസ്.എഫ്.ഇ. ശാഖകൾ തുടങ്ങുന്നതിൻെറ ഭാഗമായി ഈ സാമ്പത്തിക വർഷം പുതുതായി 72 ബ്രാഞ്ചുകൾ ആരംഭിച്ചു. 26 ബ്രാഞ്ചു കൾ പ്രവർത്തനം തുടങ്ങുന്ന തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം പുതുതായി 100 ബ്രാഞ്ചുകൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | കെ.എസ്.എഫ്.ഇ മുഖേന വിവിധ ലോണുകൾ കൂടുതൽ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ? | കെ. എസ്. എഫ്.ഇ നടപ്പാക്കിവരുന്ന വിവിധ ലോണു കളിൽ കൂടുതൽ തുക നല്കുന്നതിനായി വായ്പാപദ്ധതികളുടെ പരിധി ഗണ്യമായി വർദ്ധിപ്പിക്കുകയും വിവിധതലത്തിലുള്ള വായ്പാ അനുവദിക്കുന്നതിനുള്ള അധികാര പരിധി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.